പുരോഹിതൻ

2025 ഒക്ടോബർ

മലങ്കരസഭാ വൈദിക പത്രിക

പ്രാർത്ഥനയിൻ സമയമിതല്ലോ മാർ ഗ്രീഗോറിയോസ്
പതിവിൻപടി നിൻ കുട്ടത്തലയായ് പ്രാർത്ഥിക്ക

Christ Who is the Lord of priests
and the great High Priest
Pardon, O Lord, Your priests who served
– Your mysteries

Rev. Fr. Thomas Varghese Kavunkal

November 19, 1952 - July 31, 2025

Inserted By

Santhamma Jacob
Dhanuja Jerin
Mayja Niju

പുരോഹിതൻ

മലങ്കരസഭാ വൈദിക പത്രിക

Official Organ of Clergy Association
of the Orthodox Syrian Church of the East

2025 ഒക്ടോബർ

EDITORIAL BOARD

Patron :
H. H. Baselios Marthoma Mathews III
(Catholicose of the East and Malankara Metropolitan)

President :
H. G. Dr. Mathews Mar Thimothios Metropolitan

Chief Editor :
Fr. Dr. Ninan V. George
(General Secretary)

Associate Editor :
Fr. Dr. Mathew Varghese
(Joint Secretary)

Managing Editor :
Fr. Job Sam Mathew

MEMBERS
Fr. Dr. P. S. Varghese
Fr. Thomas P. Mukalil
Fr. Shalu Lukose

ADVISORY BOARD
Fr. Dr. Thomas Varghese Amayil
Fr. Dr. John Thomas Karingattil
Fr. Dr. Jossi Jacob
Fr. Dr. Sunny Chacko
Fr. Dr. Bijesh Philip
Fr. Zacharia Thomas

Cover Picture
Jijo's Photography

Printed at
Alois Graphics, Kottayam-1
Tel: 94470 69847

St. Thomas Orthodox Vaidheeka Sangam Orthodox Theological Seminary, Kottayam-1, Kerala

ഉള്ളടക്കം

പരിശുദ്ധ പരുമല തിരുമേനിയുടെ കല്പന 02

അനുഗ്രഹ സന്ദേശം
ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ 04

അദ്ധ്യക്ഷ സന്ദേശം
ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ 08

ജനറൽ സെക്രട്ടറിയുടെ കത്ത്
ഫാ. ഡോ. നൈനാൻ വി. ജോർജ്ജ് 12

പരിത്യാഗവും സന്തോഷവും
ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ 14

The 1700th Anniversary of the Council of Nicaea: The Symbol of Faith and Its Impact on the West Syriac Liturgy of the Malankara Orthodox Syrian Church
Fr. Dr. Jacob Mathew 24

Revisiting Past General Statements 1989 - 2022
Fr. Dr. Jose John 33

വാർത്തകൾ 39



നിരണം മുതലായ ഇടവകകളുടെ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

(മുദ്ര)

നമ്മുടെ നിരണം മുതലായ എല്ലാ ഇടവകകളിലും ഉൾപ്പെട്ട പള്ളികളുടെ വികാരിമാരും ദേശത്തുപട്ടക്കാരും പള്ളികൈക്കാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയമുള്ളവരേ,

ഈ കാലങ്ങളിൽ വേദതർക്കങ്ങളും കള്ള ഉപദേഷ്ടാക്കളും വർദ്ധിച്ചിരിക്കുന്നുയെന്നും, നാൾക്കുനാൾ സത്യവിശ്വാസത്തിനെതിരായ മതങ്ങളും തന്നിഷ്ട നടപടികളും ചില ഗൃഹശാസ്ത്രികൾ പ്രസ്താവിക്കുന്ന വ്യർത്ഥമായ ഗണിതങ്ങളെ കേട്ട് ഭ്രമിച്ചുകൊണ്ട് സ്ഥിരവിശ്വാസികളായ മറ്റുള്ളവരെ കൂടി ഭ്രമിപ്പിക്കുന്നവരും നമ്മുടെ രക്ഷിതാവിനാലും തന്റെ വിശുദ്ധ ശ്ലീഹന്മാരാലും ബാവാമാരാലും സ്ഥിരപ്പെടുത്തപ്പെട്ടിരിക്കുന്ന അടിസ്ഥാനത്തിൽ നിന്നും ലാക്കിൽ നിന്നും തെറ്റിവെറിപിടിച്ചോടി നടക്കുന്നവരും, നിഗളത്താലും, അഹംഭാവത്താലും ദുഷ്ടാത്മാവിന്റെ വാഹനമായിത്തീർന്നുകൊണ്ട് പരിശുദ്ധാത്മാവുള്ളവരുടെ ഭാവം നടിക്കുന്ന ദുരുപദേശികളും മറ്റും ഇപ്പോൾ എല്ലാ സ്ഥലങ്ങളിലും ഓടിനടക്കുന്നുയെന്നുള്ളതു പ്രസിദ്ധമാണല്ലോ. കഴിയുമെങ്കിൽ ഉത്തമന്മാരെക്കൂടി തട്ടിപ്പാൻ തക്കവണ്ണമുള്ള പരീക്ഷകൾ ഉണ്ടാകുമെന്നു നമ്മുടെ രക്ഷിതാവു കല്പിച്ചിട്ടുള്ള തിരുമൊഴികളെ നിങ്ങൾ പ്രത്യേകം ഓർക്കണം. പിന്നെയും അവരുടെ നടപടികളുടെ അവസാനത്തെ പരിശോധിച്ചുകൊൾവിൻ എന്നു വി. ശ്ലീഹാ കല്പിച്ചിട്ടുള്ളതുപോലെ ഈ ഇടക്കാലങ്ങളിൽ കാണപ്പെട്ട ചില ദുരുപദേശ നടപടികളെയും അവരുടെ അവസാനത്തെയും പരിശോധിച്ചാൽ അവകൾ അബദ്ധമായിട്ടുള്ളതെന്നു വെളിപ്പെടുന്നു.

....ആകയാൽ പ്രിയമുള്ളവരേ! നിങ്ങൾ അനുസരണക്കേടിന്റെ സന്തതികളല്ല. മേല്പറഞ്ഞ പരിശുദ്ധാത്മാവിന്റെയും പരിശുദ്ധ മാതാവിന്റെയും അനുഗ്രഹിക്കപ്പെട്ട ഏലോഹീം മക്കൾ അത്രെ. ആ നമ്മുടെ മാതാപിതാക്കന്മാരുടെ അനുസരണത്തിൽ നിന്നു വിട്ടു പൈശാചിക കൂട്ടത്തോടു ചേർന്ന് തോന്ന്യവാസ നടപടികളിലും വിശ്വാസതെറ്റിലും അഹങ്കരിച്ചുല്ലസിച്ചു നടപ്പാൻ ഒരിക്കലും ആരും മനസുവച്ചുപോകരുത്.

നിങ്ങളുടെ മക്കളെ, അവർ ദൈവത്തിന്റെ മക്കളായിത്തീരുവാൻ തക്ക വണ്ണം അവരെ സത്യവിശ്വാസത്തിലും സത്യനടപടികളിലും ഭയഭക്തി യിലും അനുസരണത്തിലും സ്നേഹത്തിലും വളർത്തുവിൻ. പള്ളി യിൽ പട്ടക്കാർ പ്രസംഗിക്കുന്നതു കൂടാതെ തിരഞ്ഞെടുത്തു കൈവെ പ്പോടും കല്പനയോടും കൂടെ അയയ്ക്കപ്പെടുന്ന ഉപദേശികളെ കൊണ്ടും പ്രസംഗം നടത്തിച്ചുകൊൾവീൻ. അല്ലാതെ ഉപദേശികളെന്നു പറഞ്ഞു വരുന്ന മതവിരോധികളെക്കൊണ്ടും കല്പിക്കപ്പെട്ടിരിക്കുന്ന നോമ്പ്, നമസ്കാരം, കുരിശുവര, കുമ്പിടീൽ, കുർബ്ബാന, കുമ്പസാരം, മാമോദീസാ, രോഗികൾക്കുള്ള സൈത്തു പൂശൽ മുതലായ കർമ്മങ്ങ ളും, തംപുരാനെപെറ്റ അമ്മയോടും, പരിശുദ്ധന്മാരോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളും നിസ്സാരമെന്നു വച്ചു അവയെ ആദരിക്കാതെ നിന്ദി ക്കുന്ന കള്ള ഉപദേഷ്ടാക്കളെക്കൊണ്ടും, പള്ളിയിൽ വച്ചോ നിങ്ങളുടെ കൂട്ടത്തിൽ വച്ചോ പ്രസംഗിപ്പിക്കയും, അവരുടെ ദുരുപദേശങ്ങളെ കേൾക്കയും ചെയ്തുപോകരുത്. അങ്ങിനെയുള്ളവർ വഞ്ചകന്മാരാക യാൽ അവർക്കു നിങ്ങളിൽ സ്ഥലം കൊടുക്കയും അരുത്. എന്നാൽ ആരെങ്കിലും അനുസരണം വിട്ട് ഇതിന് എതൃത്ത് പ്രവർത്തിക്കുന്ന തായി കാണപ്പെട്ടാൽ അവനെ നമ്മുടെ കൂട്ടത്തിൽ അന്യനായി വിചാ രിച്ചുകൊള്ളുകയും വേണം.

സർവശക്തനായ ദൈവത്തിന്റെ കൃപയും വാഴ്വും നിങ്ങളെല്ലാവ രോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. അതു കൃപ നിറഞ്ഞിരി ക്കുന്ന മാതാവിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനക ളാൽ തന്നെ. ആമ്മീൻ.

എന്ന്, 1897-ന് കൊല്ലം 1073 മകരം 23-ന് കല്ലുങ്കത്ര പള്ളിയിൽ നിന്നും.

(ഒപ്പ്)

STOVS GLOBAL CONFERENCE @ PARUMALA

PLEASE SAVE THE DATES 19, 20 & 21 May 2026

"The Man of God: Called, Formed, and Faithful in Ministry"
(Based on 1 Timothy 6:11)

In today's context of moral confusion, pastoral fatigue, and spiritual distractions, this conference invites clergy to revisit their identity and vocation as "men of God" - shepherds shaped by Holy Scripture and teachings of the Church Fathers, strengthened by the Holy Spirit, and sanctified in service.

അനുഗ്രഹ സന്ദേശം

ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ്
തൃതീയൻ കാതോലിക്കാ ബാവാ

പരിശുദ്ധ സഭയിൽ വൈദികരുടെ ജീവിതവും സാക്ഷ്യവും പ്രവർത്തനങ്ങളും നിർണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് പരിശുദ്ധ പൗലോസ് ശ്ലീഹായുടെ ആഹ്വാനം പ്രസക്തമാകുന്നത്: "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങൾ എന്റെ അനുകാരികളാകുവിൻ" (1 കൊരിന്ത്യർ 11:1, Be imitators of me, as I am of Christ). എത്ര വലിയ ആത്മവിശ്വാസത്തോടെയും ദൃഢനിശ്ചയത്തോടെയുമാണ് ശ്ലീഹാ ഇത് പറയുന്നതെന്ന് നാം ഓർക്കണം. ഈ ആഹ്വാനം വൈദികർക്കും അയമേനികൾക്കും ഒരുപോലെ ബാധകമാണെങ്കിലും, പൗരോഹിത്യ ജീവിതത്തിൽ ഇതിന് സവിശേഷമായ പ്രാധാന്യമുണ്ട്. ഓരോ വൈദികന്റെയും ജീവിതം മറ്റുള്ളവർക്ക് മാതൃകയായിരിക്കണം. ദൈവഹിതത്തിന് അനുസൃതമായി ഈ ദൗത്യം ഫലപ്രദമായി നിർവഹിക്കാൻ നാം ഓരോരുത്തരും തയ്യാറാകണം.

ഈ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്ന പ്രധാനപ്പെട്ട സന്ദേശങ്ങൾ ഇതാണ്:

1. Be Obedient to Christ – ക്രിസ്തുവിനോട് വിധേയത്വം പുലർത്തുക

ആരെയും അനുസരിക്കാനോ ആർക്കെങ്കിലുംവേണ്ടി സ്വയം സമർപ്പിക്കാനോ മനുഷ്യർ മടിക്കുന്ന ഒരു കാലഘട്ടമാണിത്. വ്യക്തി സ്വാതന്ത്ര്യത്തിന് അമിതമായ പ്രാധാന്യം നൽകുന്ന ഇക്കാലത്ത്, ഒരാൾ നന്മതിന്മകളെക്കുറിച്ച് ഓർമ്മിപ്പിക്കുമ്പോൾ, 'എനിക്കിതെല്ലാം അറിയാം' എന്ന് നിസ്സാരമായി മറുപടി നൽകുന്ന പ്രവണത വർധിച്ചുവരുന്നു. അവനവന്റെ ശരികളാണ് ഏറ്റവും വലുത് എന്ന ചിന്താഗതി വ്യാപകമാണ്. എന്നാൽ, പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ന്യായീകരണങ്ങൾ നിരത്തി രക്ഷപ്പെടാനുള്ള ശ്രമങ്ങൾ പലപ്പോഴും ഫലപ്രദമാവുകയില്ല.

യേശുക്രിസ്തുവിന്റെ കല്പനകളും ഉപദേശങ്ങളും പൂർണ്ണമായി പാലിക്കാൻ പൗലോസ് ശ്ലീഹാ സന്നദ്ധനായിരുന്നു. ആ യോഗ്യത കൊണ്ടാണ് 'എന്റെ അനുകാരിയാകുവിൻ' എന്ന് ധൈര്യപൂർവ്വം പറയാൻ അദ്ദേഹത്തിന് കഴിഞ്ഞത്. ക്രിസ്തുവിന്റെ ശരീരവും

മണവാട്ടിയുമായ സഭയെ അനുസരിക്കാൻ നാമും കടപ്പെട്ടവരാണ്. സഭയുടെ കല്പനകളായ നോമ്പും ഉപവാസവും അനുഷ്ഠിക്കുന്നതിനു പകരം അതിൽനിന്ന് ഒഴിഞ്ഞുമാറാൻ കാരണങ്ങൾ കണ്ടെത്തുന്നത് ആത്മീയ അപചയത്തിന്റെ ലക്ഷണമാണ്.

ഓർത്തഡോക്സ് സഭയ്ക്ക് തനതായ ഒരു സ്വത്വമുണ്ട്. നമ്മുടെ പൂർവ്വപിതാക്കന്മാർ വിശുദ്ധ ഗ്രന്ഥത്തിലെ കല്പനകളും സഭാ കാനോനുകളും ശിരസ്സാവഹിക്കുന്നതിൽ യാതൊരു മടിയും കാണിച്ചിരുന്നില്ല. ഓർത്തഡോക്സ് സഭയുടെ തനതായ പാരമ്പര്യവും സ്വത്വവും ഉയർത്തിപ്പിടിച്ചുവേണം ഓരോ വൈദികനും തന്റെ ശുശ്രൂഷ നിർവഹിക്കേണ്ടത്. സഭയുടെ കൽപ്പനകൾ അനുസരിക്കാമെന്നും വൈദിക വേഷം ധരിക്കാമെന്നും ദൈവമുമ്പാകെയും സഭയുടെ മുമ്പാകെയും സത്യം ചെയ്താണ് ഓരോ വ്യക്തിയും വൈദികനാകുന്നത്. വൈദിക വസ്ത്രം സഭയുടെ അടയാളമാണ്. അതിനോട് കാണിക്കുന്ന അനാദരവ് സഭയോടുള്ള അവഹേളനമാണ്.

വൈദികരുടെ ജീവിതത്തിലുണ്ടാകുന്ന ഓരോ വീഴ്ചയും വിശ്വാസ സമൂഹത്തിൽ വലിയ മുറിവുകളാണ് സൃഷ്ടിക്കുന്നത്. അവർ വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുന്നവരാണ്. സഭയെ സ്നേഹിക്കുകയും സഭയുടെ പദ്ധതികളിൽ സഹകരിക്കുകയും ചെയ്യുന്നവരാണ്. ഈ തിരിച്ചറിവോടെ, സഭയുടെ കല്പനകളും ചട്ടങ്ങളും ജീവിതത്തിൽ കൃത്യമായി പാലിച്ച് ക്രിസ്തുവിനും സഭയ്ക്കും സാക്ഷികളാകാൻ നമുക്ക് പരിശ്രമിക്കാം.

2. Be Sincere to Christ – ക്രിസ്തുവിനോട് ആത്മാർത്ഥത പുലർത്തുക

ആത്മാർത്ഥത വിലകൊടുത്തു വാങ്ങാൻ കഴിയുന്നതല്ല. അത് ചെറുപ്പകാലം മുതൽ നമ്മുടെ കുടുംബ പശ്ചാത്തലത്തിൽനിന്നും രൂപപ്പെടുന്ന ഒരു മനോഭാവമാണ്. നാം ചെയ്യുന്ന ഓരോ പ്രവൃത്തിയിലും മനസ്സും ഹൃദയവും ശരീരവും സമ്പൂർണ്ണമായി പങ്കുചേരുന്ന അവസ്ഥയാണിത്. സിംഹം ഏത് ഇരയെ സമീപിക്കുമ്പോഴും തന്റെ പൂർണ്ണശക്തി ഉപയോഗിക്കുന്നതുപോലെ, ചെയ്യുന്ന കാര്യങ്ങളിൽ പൂർണ്ണത പുലർത്തുന്നതാണ് ആത്മാർത്ഥത. നാം ഏത് ജോലിയിൽ ഏർപ്പെട്ടാലും, ആത്മാർത്ഥതയുണ്ടെങ്കിൽ മാത്രമേ ജീവിതം അർത്ഥപൂർണ്ണമാവുകയുള്ളൂ.

പൗലോസ് ശ്ലീഹാ ഇതിന് മികച്ച ഉദാഹരണമാണ്. 'ജാതികളുടെ അപ്പോസ്തോലൻ' എന്നറിയപ്പെടുന്ന അദ്ദേഹം യേശുക്രിസ്തുവിന്റെ സുവിശേഷം എല്ലായിടത്തും എത്തിക്കാൻ അക്ഷീണം പ്രയത്നിച്ചു. വചനശുശ്രൂഷ, ഇടയശുശ്രൂഷ എന്നിവയിലെല്ലാം അദ്ദേഹം തന്റെ ആത്മാർത്ഥത വെളിപ്പെടുത്തി. അടുത്ത തലമുറയെ സഭാശുശ്രൂഷയ്ക്കായി ഒരുക്കുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അങ്ങനെ, ദൈവം നൽകിയ ആയുസ്സ് പൂർണ്ണമായി വിനിയോഗിച്ച് പൗലോസ് ശ്ലീഹാ ആത്മീയ ഫലം പുറപ്പെടുവിച്ചു.

നമ്മുടെ പ്രാർത്ഥനകൾ ആത്മാർത്ഥത നിറഞ്ഞതായിരിക്കണം. പ്രാർത്ഥനയിലെ ആത്മാർത്ഥതയ്ക്ക്, അക്കാദമിക മികവിനോ സാമൂഹിക ബന്ധങ്ങൾക്കോ രാഷ്ട്രീയ സ്വാധീനത്തിനോ നൽകാനാവാത്ത സ്ഥാനമുണ്ട്. ആരാധന എന്നത് തിടുക്കത്തിൽ ചെയ്തു തീർക്കേണ്ട ഒന്നല്ല. അതിലെ ഓരോ വാക്കും ആശയവും ആരാധകന്റെ ഹൃദയത്തെ സ്പർശിക്കണം. അതിന് ആഴമായ ധ്യാനം ആവശ്യമാണ്. ചൊല്ലുന്ന പ്രാർത്ഥനകൾക്ക് നമ്മുടെ ജീവിതവുമായി എത്രത്തോളം ബന്ധമുണ്ടെന്ന് ചിന്തിക്കണം. പ്രാർത്ഥനകൾ ഭംഗിയായും വ്യക്തമായും സാവധാനത്തിലും ചൊല്ലണം, പ്രകടനപരത ഒഴിവാക്കണം.

ഒരു വൈദികന്റെ ജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യം അദ്ദേഹം പ്രാർത്ഥനയ്ക്കായി ചെലവഴിച്ച സമയമാണ്. നാം പ്രാർത്ഥിക്കേണ്ടത് ദൈവത്തോടാണ്, വാച്ചിലെ സമയത്തോടല്ല. ദൈവം വസിക്കുന്ന ഇടമാണ് ദേവാലയം. ആരാധനാസമയത്ത് അലസമായി നിൽക്കുന്നതും അനാവശ്യ സംഭാഷണങ്ങളിൽ ഏർപ്പെടുന്നതും ദൈവത്തോടുള്ള അനാദരവാണ്. ദൈവസന്നിധിയിൽ ആത്മാർത്ഥതയില്ലാത്ത ജീവിതം ആത്മനാശത്തിന് കാരണമാകും.

ദൈവം ഓരോ വൈദികനെയും തന്റെ മുന്തിരിത്തോട്ടത്തിലേക്ക് ക്ഷണിക്കുകയും ആവശ്യമായ താലന്തുകളും കൃപാവരങ്ങളും നൽകുകയും ചെയ്യുന്നു. ദൈവിക പദ്ധതിക്ക് വിധേയപ്പെട്ട് ആത്മാർത്ഥമായി പ്രവർത്തിക്കുന്നില്ലെങ്കിൽ, അത് വ്യക്തിപരമായും സഭാപരമായും

വലിയ വീഴ്ചകൾക്ക് കാരണമാകും. വൈദികരുടെ ഭാഗത്തുനിന്നുണ്ടാകുന്ന ഏതൊരു വീഴ്ചയും സഭയ്ക്കും ലോകത്തിനും ഒരുപോലെ നഷ്ടങ്ങൾക്കിടയാക്കും എന്ന് വിസ്മരിക്കരുത്.

3. Be ready to struggle – കഷ്ടതകൾ സഹിക്കാൻ സന്നദ്ധരാവുക

ഏതൊരു കാര്യവും അതിന്റെ പൂർണ്ണതയിൽ എത്തിക്കുന്നതിന് കഷ്ടപ്പാടുകൾ സഹിക്കേണ്ടതായിവരും. സഹനത്തിലൂടെയാണ് മഹത്വം കരഗതമാകുന്നതെന്ന് യേശുക്രിസ്തു തന്റെ ജീവിതംകൊണ്ട് നമുക്ക് കാണിച്ചുതന്നു. പാപരഹിതനായിരുന്നിട്ടും, പാപികളായ നമുക്കുവേണ്ടി അവിടുന്ന് മനസ്സോടെ മരണംവരിച്ചു.

ആത്മീയ ജീവിതത്തിലെ കഷ്ടപ്പാടുകൾ സന്തോഷമായി മാറുന്നവയാണ്. നോമ്പും ഉപവാസവും അനുഷ്ഠിക്കുന്നതും, സഭയുടെ കൽപ്പനകൾ പാലിക്കുന്നതും, പ്രാർത്ഥനയിൽ ആത്മാർത്ഥത പുലർത്തുന്നതും ത്യാഗം ആവശ്യമായ കാര്യങ്ങളാണ്. എന്നാൽ ഇവയെല്ലാം ആത്യന്തികമായി നമ്മെ ആനന്ദത്തിലേക്ക് നയിക്കും. 'നല്ല പോർ പൊരുതുക' എന്ന പൗലോസ് ശ്ലീഹായുടെ ആഹ്വാനം ഇവിടെ പ്രസക്തമാണ്. സുഖലോലുപതയിൽ മുഴുകിയാൽ ഒരുവൻ തന്റെ ദൗത്യത്തിൽനിന്ന് വ്യതിചലിക്കുകയും പരാജയപ്പെടുകയും ചെയ്യും.

പൗരോഹിത്യം ആയാസരഹിതമായ ഒരു ശുശ്രൂഷയല്ല. ജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതും, അവർക്കിടയിൽ ഫലപ്രദമായി ഇടയശുശ്രൂഷ നിർവഹിക്കുന്നതും ഏറെ വെല്ലുവിളികൾ നിറഞ്ഞതാണ്. ദൈവത്തിനും സഭയ്ക്കുംവേണ്ടി നിലകൊള്ളുന്നതുവഴി ആരോപണങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ സഹനശക്തിയോടെ അവയെ നേരിടണം. നമ്മെ വിളിച്ചവൻ വിശ്വസ്തനാണെന്ന ബോധ്യത്തോടെ, ആ ദൈവിക വിളിക്ക് യോഗ്യരായി നാം ജീവിക്കണം.

ഓരോ വൈദികനും ലോകത്തിന് കുരിശിക്കപ്പെട്ടവനാണ്; അതിനാൽ ലോകത്തിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ജീവിക്കാൻ അവന് കഴിയില്ല. വികാരങ്ങളെ വിവേകംകൊണ്ട് നിയന്ത്രിക്കാൻ പഠിക്കണം. പൗലോസ് ശ്ലീഹാ ക്രിസ്തുവിനെപ്രതി സകലതും ചവറ് എന്നെണ്ണിയതുപോലെ, പൗരോഹിത്യത്തിന്റെ മഹത്വത്തിന് നിരക്കാത്തതിനെ തിരിച്ചറിയാനും ഉപേക്ഷിക്കാനും നമുക്ക് കഴിയണം. 'തന്നെത്താൻ ത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്റെ പിന്നാലെ വരുക' എന്ന യേശുവിന്റെ വാക്കുകൾ നാം ഒരിക്കലും മറക്കരുത്.

യേശുക്രിസ്തുവിനും അവിടുത്തെ സഭയ്ക്കുംവേണ്ടി കഷ്ടതകൾ സഹിക്കാൻ വൈദികർ എപ്പോഴും സന്നദ്ധനായിരിക്കണം. ഈയൊരു സമർപ്പണത്തോടെ ജീവിതം നയിക്കുമ്പോൾ മാത്രമാണ്, 'നിങ്ങൾ എന്റെ അനുകാരികളാകുവിൻ' എന്ന് ഓരോ വൈദികനും ആത്മവിശ്വാസത്തോടെ പറയാൻ സാധിക്കുകയുള്ളൂ.

അദ്ധ്യക്ഷ സന്ദേശം

വൈദിക ശുശ്രൂഷ: സത്യാനന്തര കാലത്തെ വെല്ലുവിളികളും ആത്മീയ അടിത്തറയും

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ
(പ്രസിഡൻറ്, വൈദിക സംഘം)

ദൈവികമായ ശുശ്രൂഷ ദൈവത്തിന്റെ പ്രതിപുരുഷന്മാരായി നിർവഹിക്കുന്നവരാണ് പുരോഹിതന്മാർ. ഇതിനായുള്ള പരിശീലനം വൈദിക സെമിനാരിയിൽ നിന്നും അവർ നേടുന്നു. എന്നാൽ, ചുരുങ്ങിയ നാല് വർഷം നീണ്ടുനിൽക്കുന്ന വൈദിക വിദ്യാഭ്യാസത്തിൽ ബൗദ്ധികവും അനുഷ്ഠാനപരവുമായ കാര്യങ്ങൾ മാത്രം പഠിക്കുന്നതിൽ വൈദിക വിദ്യാർഥികൾ ഒതുങ്ങുന്നു.

ചുറ്റുപാടുമുള്ള ലോകം അതിവേഗം മാറുകയും വിവരങ്ങളും ആശയങ്ങളും അതിവേഗം കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഈ അസ്വസ്ഥതയുടെ കാലഘട്ടത്തിൽ, Post truth (സത്യാനന്തര) കാലം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ അവസ്ഥയിൽ, സത്യവും മിഥ്യയും തിരിച്ചറിയുവാൻ പ്രയാസവും കാലതാമസവും നാം നേരിടുന്നു. ഈ സാമൂഹിക പശ്ചാത്തലത്തിൽ, വൈദികർ അവരുടെ വിളിക്കനുസൃതമായി നിലകൊള്ളേണ്ടതിന്റെ പ്രാധാന്യമാണ് ഈ ലേഖനം ചർച്ച ചെയ്യുന്നത്.

1. കൗദാശികമായ രൂപാന്തരം

സത്യാനന്തര കാലത്തിൽ തിന്മയെ പർവതീകരിക്കുവാൻ നിഗൂഢ ശക്തികൾ ശ്രമിക്കുമ്പോൾ, വൈദികർ ആദ്ധ്യാത്മിക ജീവിതം അടിത്തറയുള്ളതാക്കി മുന്നോട്ട് പോകേണ്ടതുണ്ട്. കൗദാശിക കർമ്മങ്ങളിൽ ഭക്തിപൂർവം പരികർമ്മികളാകുന്നതിലൂടെ സമഗ്രമായ രൂപാന്തരം സാധ്യമാകും. ഈ രൂപാന്തരം കേവലം ബാഹ്യമല്ല, മറിച്ച് വൈദികന്റെ ബോധം തെളിമയുള്ളതാക്കി മാറ്റുന്ന ഒന്നായിരിക്കണം. ഈ ലക്ഷ്യത്തിലേക്ക് എത്താൻ പൗരോഹിത്യസ്ഥാനികൾക്കുള്ള അടിസ്ഥാനം കുടുംബങ്ങളിൽ നിന്നും ലഭിക്കണം, അത് പടിപടിയായി ഉറപ്പിക്കുകയും വേണം. അങ്ങനെ ആത്മീയമായി വളരുമ്പോൾ വൈദികർ കാർമികത്വം വഹിക്കുകയും പങ്കുചേരുകയും ചെയ്യുന്ന വിശുദ്ധ

രഹസ്യങ്ങൾ (കൂദാശകൾ) രൂപാന്തരത്തിലേക്ക് നയിക്കും.

2. വ്യക്തിപരമായ ക്രമീകരണങ്ങളും പരിധികൾ തിരിച്ചറിയുന്നതും

വൈദിക ജീവിതത്തിന്റെ വിശുദ്ധിക്ക് വ്യക്തിപരമായ ക്രമീകരണങ്ങൾ, സാധന, ജീവിതചര്യകൾ എന്നിവ അനിവാര്യമാണ്. വൈദികർ തങ്ങളുടെ പരിധികളെക്കുറിച്ച് വ്യക്തമായി അറിഞ്ഞിരിക്കണം. സംഭാഷണം, ഭക്ഷണം, യാത്ര, വസ്ത്രധാരണം, ബന്ധങ്ങൾ എന്നിവയിൽ വൈദികർക്ക് നിയന്ത്രണങ്ങൾ ഉണ്ട്. ഈ നിയന്ത്രണങ്ങൾ 'കൂദാശകളുടെ സംരക്ഷകർ' എന്ന നിലയിൽ അവരുടെ ആത്മീയ ഔന്നത്യത്തിന് അത്യന്താപേക്ഷിതമാണ്. ഈ നിയന്ത്രണങ്ങൾ പാലിക്കുമ്പോൾ മാത്രമാണ് അവർ കൂദാശകളുടെ സംരക്ഷകരായി ശോഭിക്കുക.

കഹനൈത്താ ക്രമത്തിൽ വൈദിക ശുശ്രൂഷയെ സംബന്ധിക്കുന്ന മനോഹരമായ വേദശാസ്ത്ര ദർശനങ്ങൾ പങ്കുവെക്കുന്നുണ്ട്. ഉദാഹരണമായി,

ദൈവത്തോടാദാം-ഖേദം പൂണ്ടോതി
ഞാൻ കാരണമാണോ തോട്ട-ത്തിനു വേലി
എന്നെത്തിരയും നിൻ - കൃപയെ വിലക്കല്ലേ
എൻ രക്ഷകനെ! നിൻ - വിധിയുണ്ടാകുമ്പോൾ
എന്നിൽ നിഹിതമതാം - നിൻ പാവനഗാത്രം
ആ വാതിൽ തുറക്കും താക്കോലാണല്ലോ.
(വൈദികരുടെ ശവസംസ്കാര ശുശ്രൂഷ, ഒന്നാം ശുശ്രൂഷ).

മനുഷ്യന്റെ പാപം കാരണം നഷ്ടപ്പെട്ട ദൈവസാന്നിദ്ധ്യം വീണ്ടെടുക്കാൻ, ആദ്യ മനുഷ്യനായ ആദാം ദൈവത്തോട് യാചിക്കുന്നു. ന്യായവിധി സമയത്ത്, രക്ഷകനായ ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ മാത്രമാണ് രക്ഷയിലേക്കുള്ള വാതിൽ തുറക്കുന്ന

താക്കോലെന്നും, അതാണ് തന്റെ ഏക ആശ്രയമെന്നും ഈ വരികൾ പ്രഖ്യാപിക്കുന്നു. ദൈവത്തിൽ പൂർണ്ണമായ ആശ്രയം പുരോഹിതന് അനിവാര്യമാണ് എന്നും പാപത്തിൽ വീഴാതെ സൂക്ഷിക്കണമെന്നും ഈ ഗാനശകലം വെളിപ്പെടുത്തുന്നു. ഇപ്രകാരം പൗരോഹിത്യ ജീവിതത്തിന്റെ മഹിമ, വൈദികരുടെ ശവസംസ്കാര ശുശ്രൂഷയിലെ വാക്കുകളിലും പ്രതിഫലിക്കുന്നുണ്ട്.

കൂദാശകൾ അനുഷ്ഠിക്കുന്നതുവഴി വൈദികന്റെ ബോധം തെളിമയുള്ളതാകണം. എന്നാൽ, ഇന്ന് പല വൈദികരും പുസ്തകങ്ങളിൽ നിന്നും സോഷ്യൽ മീഡിയയിൽ നിന്നും ലഭിക്കുന്ന അറിവുകളിൽ മാത്രം പരിമിതപ്പെട്ടു പോകാറുണ്ട്. വിശുദ്ധമായ രഹസ്യങ്ങളുടെ ഭാഗങ്ങൾ വീഡിയോയിൽ ചിത്രീകരിച്ച് സോഷ്യൽ മീഡിയയിൽ പ്രചരിപ്പിക്കുന്നതിൽ അഭിരമിക്കുന്നത് എത്ര വികലമാണ്. വൈദിക സമൂഹത്തെ സ്നേഹിക്കുന്ന ദൈവജനം വൈദികരിൽ നിന്നും ഏറെ പ്രതീക്ഷിക്കുന്നുണ്ട് എന്ന് മറന്നുപോകരുത്.

3. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ വെല്ലുവിളികളും മാതൃകാ ജീവിതവും

We are exposed to the world. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ ഈ യുഗത്തിൽ സാമൂഹ്യ മാധ്യമങ്ങളിലെ നമ്മുടെ ഇടപെടലുകൾ കൃത്യമായി വിലയിരുത്തപ്പെടുകയും നമ്മെ നിയന്ത്രിക്കുന്ന തരത്തിലേക്ക് അത് മാറുകയും ചെയ്യുന്നുണ്ട്. ഈ വെല്ലുവിളിയെ നേരിടാൻ വാചാലതയല്ല, ചുരുക്കം വാക്കുകളിൽ ആഴമുള്ള ആശയങ്ങൾ പങ്കുവയ്ക്കുന്നതാണ് ഉത്തമം. കേവലം 54-ാം വയസ്സിൽ രോഗിയായി കാലം ചെയ്ത പരിശുദ്ധ പരുമല തിരുമേനിയുടെ ആത്മീക ചൈതന്യം ഇന്നും അനേകർക്ക് അനുഭവവേദ്യമാകുന്നത് നമുക്ക് മാതൃകയാണ്.

4. വിശുദ്ധിയോടും വിവേകത്തോടും ക്രിയാത്മകതയോടുമുള്ള ജീവിതം

ലോകത്തിലും സഭാസമൂഹത്തിലും വന്നിരിക്കുന്ന ജീർണ്ണതയുടെ ഭാഗമായി അധഃപതിക്കുകയല്ല, വിശുദ്ധിയോടും വിവേകത്തോടും ലോകത്തിൽ ജീവിക്കുകയാണ് പ്രധാനം. വികലമായ സംഭാഷണങ്ങളിലും ഇടപെടലുകളിലും വീണുപോവുകയല്ല, നിയന്ത്രണത്തോടും ശ്രദ്ധയോടും കാലഘട്ടത്തെ അഭിസംബോധന ചെയ്യുകയാണ് സുപ്രധാനം. ആരാധനക്രമങ്ങൾ നമ്മുടെ അന്തരാത്മാവിനോട് സംവദിക്കണം. ധ്യാനാത്മകമായി അവയെ വായിച്ച് ഹൃദിസ്ഥമാക്കണം. ദൈവമുമ്പാകെ വിശ്വസ്തതയോടെ അവയെ പരികർമ്മം ചെയ്യണം. ലഭിച്ചിരിക്കുന്ന താലന്തുകൾ സഭയ്ക്കും സമൂഹത്തിനുമായി ഫലപ്രദമായി വിനിയോഗിക്കണം. ഓരോ വൈദികനും 'ഉത്തമനും വിശ്വസ്തനുമായ ദാസൻ' എന്ന വിളിക്ക് അനുയോജ്യരാകണം.

ഉപസംഹാരം

വൈദിക ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യം ദൈവത്തിന്റെ പുരോഹിതരായി, വിശ്വാസികളുടെ പ്രതീക്ഷകൾക്കനുയോജ്യമായി ഉയർന്ന്, വിശുദ്ധിയുടെയും വിവേകത്തിന്റെയും മാതൃകയായി നിലകൊള്ളുക എന്നതാണ്. പുരോഹിതരുടെ ശവസംസ്കാരത്തിലെ സമാപന ശുശ്രൂഷയിൽ വൈദികന്റെ ശവമഞ്ചം കിഴക്കോട്ട് ആമുഖമായി ഉയർത്തി ആഘോഷിക്കുമ്പോൾ ജനം പറയുന്നത് 'കൃദാശനുഷ്ഠാനകനായ പുരോഹിതാ! സമാധാനത്തോടെ പോവുക' എന്നാണ്. കൂടാതെ, മൂന്നാം ശുശ്രൂഷയിലെ സെദറായിൽ 'കർത്താവേ! ഞങ്ങളെയും ഇവനെയും നിർമ്മല പുരോഹിതന്മാരും സത്യവിശ്വാസികളായ കൃദാശാനുഷ്ഠാനകരുമായിത്തീരുവാൻ യോഗ്യരാക്കണമേ' എന്നാണ് പ്രാർത്ഥിക്കുന്നത്. ഈ പ്രാർത്ഥന ഓരോ വൈദികന്റെയും ജീവിതാവസാനം വരെ മുറുകെ പിടിക്കേണ്ട ആദർശത്തെയും ദൗത്യത്തെയും ഓർമ്മിപ്പിക്കുന്നു.

ജനറൽ സെക്രട്ടറിയുടെ കത്ത്

ആധുനിക മനുഷ്യനും ആത്മീയ പ്രതിസന്ധികളും: ഒരു പുരോഹിത വീക്ഷണം

ഫാ. ഡോ. നൈനാൻ വി. ജോർജ്ജ്

സാഹിത്യകാരനായ സുഭാഷ് ചന്ദ്രന്റെ നിരീക്ഷണം ശ്രദ്ധേയമാണ്: "പൂർണവളർച്ചയെത്താതെ മരിച്ചുപോകുന്ന ഒരേയൊരു ജീവിയാണ് മനുഷ്യൻ." ഈ വാചകം നമ്മുടെ കാലഘട്ടത്തിലെ മനുഷ്യാവസ്ഥയെ വളരെ വ്യക്തമായി തുറന്നു കാണിക്കുന്നു. ശാരീരിക വളർച്ച അതിന്റെ പരിധിയിൽ എത്തിച്ചേരുമ്പോഴും, ആന്തരികവും ആത്മീയവുമായ വളർച്ചയുടെ സാധ്യതകൾ ഒരിക്കലും അവസാനിക്കുന്നില്ല. എന്നിട്ടും, മനുഷ്യൻ പലപ്പോഴും ഈ സാധ്യതകൾ തിരിച്ചറിയാതെ, "ജനിച്ചു, ജീവിച്ചു, കാമിച്ചു, കലഹിച്ചു, മരിച്ചുപോകുന്ന" ഒരു അപൂർണ്ണ ജീവിയായി ഒതുങ്ങിപ്പോകുന്നു.

സഭയുടെ പുരോഹിതന്മാരും ആത്മീയ നേതാക്കളും മനുഷ്യന്റെ ഈ അപൂർണ്ണതയും ആന്തരിക പ്രതിസന്ധികളും തിരിച്ചറിയുകയും, അവയെ ക്രിസ്തുവിൽ പൂർത്തിയാക്കാനുള്ള വഴികളിലേക്ക് സമൂഹത്തെ വഴിനടത്തുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. പുരോഹിതരുടെ ശുശ്രൂഷ, അനുഷ്ഠാനപരമായ കർമ്മങ്ങൾക്കപ്പുറം, വചനത്തിന്റെ സാക്ഷ്യവും ജീവിക്കുന്ന മാതൃകയുമായി സമൂഹത്തെ ആഴമായ ആന്തരിക നവീകരണത്തിലേക്ക് നയിക്കാനുള്ള വലിയ ഉത്തരവാദിത്വമാണ്.

1. ഉപഭോക്തൃ സംസ്കാരവും ആത്മീയ വെല്ലുവിളികളും

ഇന്നത്തെ ലോകം ഉപഭോക്തൃ സംസ്കാരത്തെ (consumerism) ഒരു പുതിയ ദൈവമാക്കി ഉയർത്തിയിരിക്കുന്നു. വിജയത്തിന്റെ അളവുകോൽ ഭൗതിക സൗകര്യങ്ങളും ആഡംബരവുമാണ് എന്ന് കണക്കാക്കപ്പെടുന്നു. ജീവിതം ലാഭ-നഷ്ട പട്ടികയിലെ വെറും സംഖ്യകളായി ചുരുങ്ങുമ്പോൾ, വിശ്വാസം ഭൗതിക നേട്ടങ്ങൾക്ക് വേണ്ടിയുള്ള ഒരു മന്ത്രവാദം പോലെയാകുന്നു. ധാർമിക മൂല്യങ്ങൾക്കും അപരകേന്ദ്രിതമായ ലോകബോധ്യങ്ങൾക്കും ഇവിടെ ഇടമില്ലാതാകുന്നു.

ഇതിന്റെ ഫലമായി, മനുഷ്യന്റെ ആത്മീയ ജീവിതം പലപ്പോഴും "ജീവിതസൗകര്യങ്ങളുടെ അനുബന്ധമായി" മാത്രം ചുരുങ്ങിപ്പോകുന്നു. ഒരു മനുഷ്യന് രണ്ടുപേരുടെ ദാസനാകാനാകില്ല എന്നും

ദൈവത്തെയും ധനത്തെയും ഒരേസമയം സേവിക്കാനാകില്ല (മത്തായി 6:24) എന്നുമുള്ള യേശുവിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാകുന്നു. "മനുഷ്യന്റെ മഹത്തായ ലക്ഷ്യം ദൈവത്തെ അറിയലും ദൈവത്തിൽ ജീവിക്കലുമാണ്" എന്ന് വലിയ മാർ ബസേലിയോസ് ഓർമ്മിപ്പിക്കുമ്പോൾ, പുരോഹിതരുടെ അജപാലന ദൗത്യം വിശ്വാസികളെ ക്രിസ്തുവിലുള്ള സമ്പത്തിന്റെ മഹത്വം മനസ്സിലാക്കാൻ പഠിപ്പിക്കുകയായിരിക്കണം. 'ജീവിതവിജയം എന്നാൽ ധനം സമ്പാദിക്കുക' എന്ന സംസ്കാരത്തെ ചോദ്യം ചെയ്യണം. സഭാശുശ്രൂഷകൾ വെറും 'പരികർമ്മം' (ചടങ്ങ്) മാത്രമല്ല, അത് ആത്മീയ നവീകരണത്തിനുള്ള ജീവന്റെ ഉറവിടമാണെന്ന് തുറന്നു കാണിക്കണം.

2. സാങ്കേതിക വിദ്യയും ആത്മീയ ഏകാന്തതയും

ഡിജിറ്റൽ വിപ്ലവം മനുഷ്യനെ ഭൗതികമായി ഗാഢമായി ബന്ധിപ്പിച്ചതുപോലെതന്നെ അവനെ ആത്മീയമായി ഒറ്റപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സോഷ്യൽ മീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), വെർച്വൽ ലോകം എന്നിവ മനുഷ്യന്റെ മനസ്സിനെ വിചിത്രമായി

വികസിപ്പിക്കുമ്പോഴും, അവന് ആന്തരികാവകാശം (ആന്തരിക സ്വത്വം) നഷ്ടമാകുന്നു. ചിന്തകയായ സിമോൺ വെയിലിന്റെ വാക്കുകൾ ഇന്ന് കൂടുതൽ പ്രസക്തമാണ്: ''ദൈവത്തെ തേടാൻ സമയം കണ്ടെത്താൻ കഴിയാത്തവനല്ല ദൈവത്തെ നഷ്ടപ്പെടുന്നത്; ദൈവം തന്നെ തേടുന്ന സമയത്ത് അവനെ അവഗണിച്ചാൽ മാത്രമേ ഒരാൾക്ക് ദൈവത്തെ നഷ്ടപ്പെടുകയുള്ളു.''

ഈ ഡിജിറ്റൽ കാലഘട്ടത്തിൽ, വൈദികരുടെ ഉത്തരവാദിത്വം എന്തായിരിക്കണം എന്ന് ഗൗരവമായി വിലയിരുത്തേണ്ടതുണ്ട്. സാങ്കേതിക വിദ്യയെ ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായി വിനിയോഗിക്കുവാൻ സജ്ജരാകണം (ഉദാഹരണത്തിന്: ഓൺലൈൻ ബൈബിൾ പഠനം, യുവജന സംഗമങ്ങൾ, ആത്മീയ ഉള്ളടക്കം രൂപപ്പെടുത്തൽ). വിശ്വാസികളെ ധ്യാനത്തിനും മനനത്തിനും പരിശീലിപ്പിക്കണം. ഡിജിറ്റൽ ആശ്രിതത്വത്തിനെതിരെ (Digital Dependency) ആത്മീയ ശാന്തിയും ദൈവാനുഭവവും വളർത്തണം.

ഫ്രഞ്ച് ദാർശനികനായ എൻറിക്കോ ഫെർമിയുടെ പ്രശസ്തമായ ചോദ്യം "Where is everybody?" (എല്ലാവരും എവിടെ?) എന്നത് നമ്മുടെ ആത്മീയ ജീവിതത്തിലും പ്രതിധ്വനിക്കുന്നു: "ദൈവം എവിടെയാണ്?" തിരക്കിനിടയിലും അറിയിപ്പുകൾക്കിടയിലും (Notifications) നാം ആ ചോദ്യം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഈ തിരക്കിൽനിന്ന് വിശ്വാസിയെ മോചിപ്പിച്ച്, 'ദൈവത്തിന്റെ സാന്നിധ്യം' തിരിച്ചറിയാൻ സഹായിക്കുന്നതാകണം പൗരോഹിത്യ ശുശ്രൂഷ.

3. മതവും ആത്മീയതയും

മതം പലപ്പോഴും കർശനമായ ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ഒതുങ്ങിപ്പോകുന്നു. എന്നാൽ, ആത്മീയത മതത്തിന്റെ ജീവനാണ്. യുവാൽ നോവ ഹരാരി തന്റെ Nexus എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കുന്നതുപോലെ: "സാങ്കേതികവിദ്യയുടെ അതിവേഗ

വളർച്ചയുടെ കാലത്തും, 'ഞാൻ ആരാണ്?' 'എന്റെ നിയോഗം എന്താണ്?' എന്ന അനാദിയായ ചോദ്യം മനുഷ്യനെ പിന്തുടരുന്നു. ഇവിടെയാണ് മതങ്ങളുടെ പ്രസക്തി നിലനിൽക്കുന്നത്. മനുഷ്യന്റെ ആത്മീയ സാധ്യതകളെ തുറന്നു കാണിക്കുന്ന ഒരു വഴിയായി മതം നിലകൊള്ളണം. ഈ പശ്ചാത്തലത്തിൽ, ആന്റണി ബ്ലൂം മെത്രാപ്പോലീത്താ തന്റെ പ്രശസ്ത ഗ്രന്ഥമായ Churchianity vs. Christianity നൽകുന്ന മുന്നറിയിപ്പ് ശ്രദ്ധേയമാണ്: "മതത്തിന്റെ പുറംഭാഗത്ത് മാത്രം തങ്ങിപ്പോകുമ്പോൾ, നാം ക്രിസ്തുവിനെ നഷ്ടപ്പെടുത്തുന്നു; വിശ്വാസം ചുറ്റുപാടുകളുടെ ഒരു ആചാരവസ്ത്രമാകുന്നു." മതത്തെ വെറും അനുഷ്ഠാനപരമായ ഒരു ചട്ടക്കൂടായി മാത്രം കാണുന്നത് ആത്മീയതയുടെ ജീവൻ കെടുത്തിക്കളയും.

പൗരസ്ത്യ ആത്മീയതയുടെ കാഴ്ചപ്പാടനുസരിച്ച്, നിസ്സായിലെ വിശുദ്ധ ഗ്രീഗോറിയോസ് അഭിപ്രായപ്പെടുന്നത്, "ദൈവത്തെ തേടൽ മനുഷ്യന്റെ ജീവിതത്തിന്റെ തുടർച്ചയായ അന്വേഷണമാണ്" എന്നാണ്. അതിനാൽ, പുരോഹിതരുടെ ദൗത്യം ക്രിസ്തുമതത്തെ ആചാര പരമായ നിയന്ത്രണങ്ങൾ മാത്രമായി ചുരുക്കാതെ, വിശ്വാസികൾക്ക് അതൊരു പ്രായോഗികമായ അനുഭവമായി പകർന്നു നൽകുക, ഏവരോടും കരുണയും കൂട്ടായ്മയും വളർത്തുക, വിശ്വാസികളെ കൂദാശകളിലൂടെ ദൈവാനുഭവത്തിലേക്ക് നയിക്കുക എന്നതായിരിക്കണം.

ആധുനിക മനുഷ്യൻ ഉപഭോക്തൃ സംസ്കാരത്തിലും (Consumerism), സാങ്കേതിക സങ്കീർണ്ണതയിലും, മതത്തിന്റെ കർശനമായ ചട്ടക്കൂടുകളിലും (Formalism) കുടുങ്ങിക്കിടക്കുന്ന ഈ പ്രതിസന്ധി ഘട്ടത്തിൽ, അവയെ അതിജീവിപ്പിക്കേണ്ടത് സഭയുടെ ദൗത്യമാണ്. പൗരോഹിത്യ ശുശ്രൂഷയുടെ ലക്ഷ്യം, ലോകത്തിന്റെ ആന്തരിക പ്രതിസന്ധികളെ ക്രിസ്തുവിൽ പരിഹരിച്ച്, മനുഷ്യനെ സമ്പൂർണ്ണ വളർച്ചയിലേക്ക് നടത്തുക എന്നതാണ്. ഇതിനായി പുരോഹിതർ ശ്രദ്ധ കേന്ദ്രീകരിക്കണം: മഹാത്മാഗാന്ധിയുടെ വാക്കുകൾ പുരോഹിതർക്കും പ്രസക്തമാണ്: "നമുക്കുള്ളിലെ മാറ്റമാണ് ലോകത്തിൽ നമ്മൾ കാണാൻ ആഗ്രഹിക്കുന്ന മാറ്റം."

പുരോഹിതൻ വെറും സംസ്കാരത്തിന്റെ കാവൽക്കാരനല്ല; മറിച്ച് ദൈവരാജ്യത്തിന്റെ ജീവിക്കുന്ന സാക്ഷിയാണ്. സഭയുടെ ഭാവിയും അതിന്റെ പ്രസക്തിയും, ഈ സാക്ഷ്യത്തിന്റെ വിശ്വാസ്യതയിലാണ് അധിഷ്ഠിതമായിരിക്കുന്നത്. ക്രിസ്തുവിന്റെ ആത്മീയ സത്തയിലേക്ക് സമൂഹത്തെ കൈപിടിച്ചുയർത്താനുള്ള വലിയ വെല്ലുവിളിയാണ് പൗരോഹിത്യത്തിന് മുന്നിലുള്ളത്. ഒരു വെല്ലുവിളിയെ നേരിടാനാവശ്യമായ ആത്മീയ ബലം പരിശുദ്ധ റൂഹാ നമുക്ക് പ്രദാനം ചെയ്യട്ടെ എന്ന് ആശംസിക്കുന്നു.

പരിത്യാഗവും സന്തോഷവും

ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്
മെത്രാപ്പോലീത്താ

വേദപുസ്തകത്തിൽ ഉടനീളം കാണുന്ന രണ്ട് വാക്കുകളാണ് പരിത്യാഗം (Renounce), സന്തോഷം (Rejoice) എന്നിവ. യേശുക്രിസ്തുവിന്റെ മനുഷ്യാവതാര ജീവിതത്തിലും അപ്പോസ്തോലന്മാരുടെ സാക്ഷ്യജീവിതത്തിലും ഇത് നമുക്ക് വ്യക്തമായി കാണാനാകും. 'ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ പങ്കുചേരുന്നതുകൊണ്ട് സന്തോഷിക്കുവിൻ' എന്ന് 1 പത്രോസ് 4:13-ൽ പറയുന്നു. എന്നാൽ, നമ്മുടെ ജീവിതത്തിൽ ഈ രണ്ടു വാക്കുകളും അർഥപൂർണമായി ഒരുമിച്ചു വരുക

എന്നത് പ്രയാസകരമാണ്. നമുക്ക് ഇതൊരു വൈരുധ്യമായി (paradox) നിലകൊള്ളുന്നു. അതിനാൽ, ഈ രണ്ടു കാര്യങ്ങളെ സമന്വയിപ്പിക്കുക എന്നത് അനിവാര്യമാണ്. ഇതിന് ഒരു യുഗാന്ത്യപരമായ തലവും, സമകാലീനതലവും, ഭൂതകാലവും ഉണ്ട്. പരിത്യാഗം വഴിയുള്ള സന്തോഷം വർത്തമാനകാല ജീവിതത്തിൽ പ്രയോഗികമാകുമ്പോഴാണ് ക്രൈസ്തവ പൂർണ്ണത വെളിവാക്കപ്പെടുന്നത്.

സഹനത്തിലൂടെ മഹത്വം

സഹനവും സന്തോഷവും നമ്മുടെ ക്രൈസ്തവ ജീവിതത്തിൽ സുപ്രധാനമാണ്. ഇതിനു മധ്യേയാണ് നാം ജീവിക്കുന്നത്. പരിത്യാഗത്താൽ ജീവിതം പ്രശോഭിക്കും. 'തന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കുക' എന്നാണ് യേശു ഓരോ വ്യക്തിയോടും ആഹ്വാനം ചെയ്യുന്നത്. മനുഷ്യാവതാരം (Incarnation) എന്നത് കഷ്ടതയുടെ അത്യന്തികമായ സംഭവമാണ്. അതിനാലാണ് വചനിപ്പ് പെരുന്നാൾ ദുഃഖവെള്ളിയാഴ്ചയിൽ വന്നാൽപോലും അതിന് പരിശുദ്ധ സഭ പ്രാധാന്യം കൽപ്പിക്കുന്നത്. മനുഷ്യാവതാരം വലിയൊരു ത്യാഗം ആയിരുന്നു. ഉയിർപ്പിന് ശേഷം വിജയശ്രീലാളിതനും ന്യായാധിപനുമായ ക്രിസ്തുവിനെ നാം കാണുന്നു. സഹനത്തിലൂടെ കടന്നുപോയതുകൊണ്ടാണ് അവൻ മഹത്വീകരിക്കപ്പെട്ടത്. വിശുദ്ധ മാമോദീസാ കൂദാശയുടെ പ്രാരംഭത്തിൽത്തന്നെ നാം സാത്താനെ തൃജിക്കുകയും ക്രിസ്തുവിനെ സ്വീകരിക്കുകയും ചെയ്യുന്നു. അവസാനം, മാമോദീസാ സ്വീകരിച്ച ആളിനെ കിരീടം ധരിപ്പിക്കുന്നു. മഹത്വീകരണത്തിന് വിരുദ്ധമായവയെ ദൂരെയകറ്റാനുള്ള വിളിയാണിത്.

ശുശ്രൂഷാപരമായ നിഷ്ഠ

വൈദികന്റെ നിഷ്ഠ സുപ്രധാനമാണ്. ജനം വൈദികരുടെ നിഷ്ഠയെ പിന്തുണയ്ക്കുകയും അതിനെ ആദരിക്കുകയും ചെയ്യുന്നവരാണ്. ഉദാഹരണമായി, വിശുദ്ധ കുർബാന എന്ന അതിശ്രേഷ്ഠമായ കൗദാശിക കർമത്തിനു മുൻപായി നാം ഉപവസിക്കുകയും വ്രതം എടുക്കുകയും ചെയ്യുന്നുണ്ട്. കുർബാനയ്ക്കുള്ള ഒരുക്കമെന്ന നിലയിൽ സന്ധ്യാനമസ്കാരത്തിനു ശേഷം അമിത സംഭാഷണങ്ങളിൽ ഏർപ്പെടാറില്ല. പാപബോധമുണ്ടാകുമ്പോഴൊക്കെയും ഒരുക്കത്തോടുകൂടി വിശുദ്ധ കുമ്പസാരവും വൈദികർ സ്വീകരിക്കണം. കൃത്യാന്തര ബാഹുല്യം നമ്മെ പിന്നോട്ടു വലിക്കാൻ സാധ്യതയുണ്ട്. ഇത്തരത്തിലുള്ള നിഷ്ഠകൾ വിവാഹിതർക്കും സന്യസ്തർക്കും ഒരുപോലെ ബാധകമാണ്. ജീവിതത്തെ സമഗ്രമായി ദൈവസന്നിധിയിൽ സമർപ്പിച്ച് ജീവിതത്തിൽ ഉടനീളം പാലിക്കേണ്ടതാണ് ഇത്തരത്തിലുള്ളവ. അതിന് നമ്മുടെ സ്വേച്ഛയുടെ പരിത്യാഗം അനിവാര്യമാണ്.

ആത്മീയ മനുഷ്യൻ

വൈദികരെ ലോകം 'പ്രാകൃത മനുഷ്യർ' എന്ന് വിളിക്കരുത്. ഇപ്രകാരം, പ്രാകൃത മനുഷ്യർ - ജഡീക മനുഷ്യർ എന്നെല്ലാം പൗലോസ് ശ്ലീഹാ ലേഖനത്തിൽക്കൂടി പരാമർശിക്കുന്നുണ്ട് (1 കൊരിന്ത്യർ 2:10-16, 3:1). ജഡമോഹവും കൺമോഹവും ജീവനത്തിന്റെ പ്രതാപവും നമ്മെ ബാധിക്കരുത് (1 യോഹന്നാൻ 2:14-15). ഈ പരീക്ഷണങ്ങൾ നേരിട്ട യേശു അതിനെ അതിജീവിക്കുകയും വിജയിക്കുകയും ചെയ്തു. നാം ആത്മീയ മനുഷ്യരാകണം (1 കൊരിന്ത്യർ 2:15). ആത്മീയ മനുഷ്യർ സകലത്തെയും വിവേചിക്കുകയും ക്രിസ്തുവിന്റെ മനസ്സുള്ളവരാവുകയും ചെയ്യുന്നു.

ഇസ്രായേലിന്റെ മരുഭൂപ്രയാണം: പരിത്യാഗത്തിന്റെയും സന്തോഷത്തിന്റെയും പാഠങ്ങൾ

ഇസ്രായേൽ ജനതയുടെ മരുഭൂപ്രയാണം ആത്മപരിത്യാഗത്തിന്റെയും സന്തോഷത്തിന്റെയും അനുഭവങ്ങളെ ചിത്രീകരിക്കുന്ന ചരിത്രമാണ്. ഈ ഗ്രന്ഥത്തിലെ ഓരോ ഭാഗവും ആക്ഷരികവും ആത്മീയവുമായ അർഥങ്ങൾ നൽകുന്നുണ്ട്. പാപത്തിൽനിന്നും രക്ഷയിലേക്കും അപൂർണതയിൽനിന്നും പൂർണതയിലേക്കും മനുഷ്യർ യാത്ര ചെയ്യുന്നതിനെ ചിത്രീകരിക്കുന്നു. ഓരോ സന്ദർഭത്തിലും പ്രവാചകനായ മോശയുടെ പ്രതികരണം ശ്രദ്ധേയമാണ്. ബലഹീനതകൾ ഉള്ള മനുഷ്യനായിരുന്നുവെങ്കിലും ദൈവത്തിൽനിന്ന് അദ്ദേഹം ശക്തി പ്രാപിച്ചു. തന്റെ ജനത്തെ അടിമത്തത്തിൽനിന്ന് വിമോചിപ്പിച്ചു. വിശുദ്ധീകരണത്തിലേക്ക് വളരുന്നതിന് നമുക്ക് പരിധിയില്ല. ആ വഴിയിൽക്കൂടി സഞ്ചരിക്കുന്നതിനും വിശ്വാസ സമൂഹത്തെ നയിക്കുന്നതിനും നിയോഗിതരാണ് വൈദികർ. മാർഗ്ഗദർശിയും ഇടയനും തീർഥാടകനുമാണ് വൈദികർ. എന്നാൽ ഈ തീർഥാടനം സുഖകരമല്ല.

ജനത്തിന്റെ പ്രതിഷേധവും ആരോപണങ്ങളും

ഫറവോന്റെ സന്നിധിയിലേക്ക് ചെന്ന് 'ജനങ്ങളെ വിട്ടയക്കണം' എന്ന് മോശ ആവശ്യപ്പെട്ടു (പുറപ്പാട് 5:21). എന്നാൽ, ഫറവോൻ ഇത് നിഷേധിക്കുകയും ജനങ്ങളുടെ ജീവിതം കൂടുതൽ ദുഷ്കരമാക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ, ജനങ്ങൾ മോശയോട് തങ്ങളുടെ പ്രതിഷേധം അറിയിക്കുന്നു. ജനം വേദനിക്കാനിടയാകുമ്പോൾ അവർ ആരോപണങ്ങൾ ഉന്നയിക്കും. ശത്രുതാമനോഭാവത്തോടെ ഇടപെടും. നമ്മെക്കുറിച്ച് സംശയങ്ങളും ആരോപണങ്ങളും ഉന്നയിക്കും. വാക്കിലും പ്രവർത്തിയിലും ദേഷ്യം പ്രകടിപ്പിക്കും. പക്ഷേ, ദൈവം എല്ലാം കാണുന്നുണ്ട് എന്നും അവൻ ന്യായാധിപനാണ് എന്നും ഓർത്ത് മാന്യതയോടും പക്വതയോടും നാം ഇടപെടണം.

ശുശ്രൂഷയിലെ വീഴ്ചയും ആത്മീയ നിർജീവതയും

മോശയുടെ വാക്കുകളെ ജനം നിരസിക്കുന്നു (പുറപ്പാട് 6:9). പൗരോഹിത്യ ശുശ്രൂഷയിൽ ഒരിക്കൽ വീഴ്ച വന്നാൽ ജനങ്ങളുടെ മനസ്സിൽ അത് എക്കാലവും മായാതെ കിടക്കും. നാം ദൈവ സന്ദേശം അറിയിച്ചാലും അവർ അതിനെ ഉൾക്കൊള്ളാൻ വിമുഖരായിരിക്കും. നമ്മുടെ പ്രതീക്ഷകളും വാഗ്ദാനങ്ങളും വചനങ്ങളും കേൾക്കാൻ പോലും അവർ വിമുഖരാകാം. ജനങ്ങളുടെ ആത്മീയമായ നിർജീവതയ്ക്ക് കാരണം നമ്മളാണെന്ന് തിരിച്ചറിയണം. അവർക്ക് നമ്മോട് പ്രിയം തോന്നാൻ സമയമെടുക്കും. അതിനാൽ, ദൈവത്തിന്റെ ജനം കഠിനപ്പെട്ടു പോകാതിരിക്കാൻ സൂക്ഷിക്കണം. ജനങ്ങളുടെ ഹൃദയവും അഭിലാഷവും മനസ്സിലാക്കണം.

പ്രതികരണത്തിലെ പക്വത

ജനങ്ങളുടെ നിഷേധാത്മകമായ നിലപാടുകളോടുള്ള മോശയുടെ പ്രതികരണം ശ്രദ്ധേയമാണ്. അവൻ അവരോട് ദേഷ്യപ്പെട്ടില്ല. അവരെ ശപിച്ചില്ല. 1 പത്രോസ് 3:9-ൽ ഈ മാർഗ്ഗനിർദേശം നമുക്ക് ലഭിക്കുന്നുണ്ട്. നിഷേധാത്മകമായ ഇടപെടലുകൾ നേരിടേണ്ടി വരുമ്പോൾ ദൈവസന്നിധിയിൽ കൂടുതൽ സമയം ചെലവിടുക. ദൈവത്തോട് പരിഭവവും പരാതിയും പറയുക. ശരിയായ മാർഗ്ഗ ദർശനവും ആശ്വാസവും ദൈവത്തിൽനിന്ന് ലഭിക്കും. ദൈവം ഒപ്പമുണ്ടെങ്കിൽ ഭയക്കേണ്ടതില്ല. തിന്മയിൽ വീഴാതെ നന്മയിൽത്തന്നെ ജീവിക്കാൻ ഇത് സഹായിക്കും.

ദൈവവിശ്വാസവും ദൗത്യത്തിലുള്ള ഉറപ്പും

ദൈവത്തിൽ മോശയ്ക്ക് അടിയുറച്ച വിശ്വാസം ഉണ്ടായിരുന്നു. ഓരോ കാര്യങ്ങളും ദൈവത്തെ ബോധിപ്പിക്കുകയും താൽപ്പര്യ ത്തോടെ ദൈവത്തിൽനിന്ന് മറുപടി തേടുകയും ചെയ്തു. നാം യാചിക്കുകയും അന്വേഷിക്കുകയും മുട്ടുകയും ചെയ്യണം. നമ്മെ വിളിച്ചതും അയച്ചതും ദൈവമാണ്. അതിന്റെ ആഴമേറിയ തലങ്ങളെ സംബന്ധിച്ച ധാരണ നമുക്ക് കാണുകയില്ല. കാരണം അതൊരു രഹസ്യമാണ്. ദൈവവിളിയുടെ ആഴങ്ങൾ മനസ്സിലാക്കാൻ നാം എത്ര ശ്രമിച്ചാലും പരിമിതി നേരിടും. ഭൗതിക മാനദണ്ഡങ്ങൾ അനുസരിച്ച് നാം വിലയിരുത്തരുത്. മറിച്ച്, വിശ്വാസപൂർവം ആരാധനയിൽ ശ്രദ്ധിച്ച് ദൈവത്തിലേക്ക് തിരിയുക. ദൈവം മോശയ്ക്ക് ധൈര്യമേകി ദൗത്യത്തിൽ ഉറപ്പിച്ചതുപോലെ നമ്മെയും ശക്തീകരിക്കും.

മോശയുടെ മധ്യസ്ഥത

മോശ ദൈവത്തിന്റെ സന്നിധിയിൽ ആയിരുന്നപ്പോൾ, അഹറോന്റെ നേതൃത്വത്തിൽ ജനങ്ങൾ കാളക്കുട്ടിയെ ഉണ്ടാക്കി ആരാധിക്കുകയും

വികലമായത് പ്രവർത്തിക്കുകയും ചെയ്തു (പുറപ്പാട് 32). ജനത്തിന്റെ ആവേശത്തിനും താൽപര്യത്തിനും പിറകെ പോകാതെ ദൈവത്തിന്റെ പക്ഷം ചേർന്നു നിൽക്കാൻ അഹറോൻ മറന്നു. മോശയ്ക്ക് വലിയ ദേഷ്യമാണ് ഉണ്ടായത്. ഇതൊരു ദുശ്ശാഠ്യമുള്ള ജനതയാണ് എന്ന് മോശ തിരിച്ചറിഞ്ഞു. എന്നാൽ, കോപം സാവധാനം അടങ്ങിയപ്പോൾ മോശ ദൈവത്തോട് മധ്യസ്ഥത (അപേക്ഷ) സമർപ്പിക്കുന്നു. ജനത്തിന്റെ തെറ്റിനെ മോശ ന്യായീകരിക്കുന്നില്ല. സ്വന്തം സഹോദരനായ അഹറോനെയും ന്യായീകരിക്കുന്നില്ല. അവർ തെറ്റ് ചെയ്തു എന്ന് ഏറ്റുപറയുന്നു. മറ്റുള്ളവർക്ക് മുൻപാകെ ഈ ജനം പരിഹാസ്യരാകരുത് എന്ന ചിന്ത മോശയ്ക്കുണ്ടായിരുന്നു.

ദൈവജനത്തെ തിന്മയിലേക്ക് തള്ളിവിടുന്ന പ്രവർത്തികളും ശൈലികളും നമ്മളിൽനിന്ന് ഉണ്ടാകരുത്. വികലമായ ശുശ്രൂഷ ഉണ്ടാകുമ്പോൾ ജനം വിഭജിതരായി വേർതിരിഞ്ഞുനിൽക്കും. തന്റെ പരിധികളെക്കുറിച്ച് പുരോഹിതന് ബോധ്യമുണ്ടാകണം. ദൈവത്തിനും ജനത്തിനും മധ്യേ മോശ നിൽക്കുകയാണ്. ദൈവത്തോട് സ്ഥിരവും, ആഴമുള്ളതും, വിവേചനരഹിതവും, ആത്മാർഥതയുള്ളതുമായ മധ്യസ്ഥത നാം അർപ്പിക്കണം. ദൈവജനത്തോടൊപ്പമാണ് നാം കഴിയേണ്ടത്. എന്നാൽ അവരെക്കാളും വിശ്വാസത്തിലും വിശുദ്ധിയിലും നാം മുന്നേറണം.

ദൈവത്തിന്റെ ചരിത്രത്തിലെ ഇടപെടലുകൾ മോശ ദൈവത്തെ ഓർമിപ്പിക്കുന്നു. 'ഇത് നിന്റെ ജനമാണ്, നീയാണ് അവരെ വിമോചിപ്പിച്ചത്, നീ അവരെ വലിയ ജനം ആക്കും എന്ന് ഉടമ്പടി ഉണ്ടാക്കിയിട്ടുണ്ട്, ശത്രുക്കൾക്ക് ചിരിക്കാൻ അവസരം ഒരുക്കരുത്, പിതാക്കന്മാരോട് ചെയ്ത വാഗ്ദാനം മറക്കരുത്' എന്നീപ്രകാരം മോശ ദൈവത്തോട് മധ്യസ്ഥത അർപ്പിക്കുന്നു. മോശയുടെ മധ്യസ്ഥത വഴി ദൈവത്തിന്നു ജനത്തോടു മനസ്സലിവുതോന്നി. അതുകൊണ്ട് അവർക്കു കൊടുക്കാനിരുന്ന ശിക്ഷയുടെ കാഠിന്യം അവൻ കുറച്ചു.

പൗരോഹിത്യ വസ്ത്രങ്ങൾ: വിവേകവും ആത്മീയ ശക്തിയും

അഹറോന്റെയും പുത്രന്മാരുടെയും പൗരോഹിത്യ വസ്ത്രങ്ങൾക്ക് ഓരോന്നിനും അർഥങ്ങളുണ്ട് (പുറപ്പാട് 28). ഉദാഹരണമായി, ഊറീം, തുമ്മീം എന്നിവ പരിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും പ്രതീകമാണ്. നന്മയും തിന്മയും വിവേചിച്ചറിയുവാൻ പുരോഹിതൻ പ്രാപ്തി നേടണം. നീതിയുടെ വസ്ത്രമാണ് നാം ധരിക്കേണ്ടത് (സങ്കീർത്തനം 132). നീതിയിൽ തുടങ്ങി സ്നേഹത്തിന്റെ പാതയിലൂടെ രക്ഷയിലേക്ക് നമുക്ക് എത്തണം (എഫേസ്യർ 6:14-15). നമ്മിൽ ഉറങ്ങിക്കിടക്കുന്ന ആധ്യാത്മിക ശക്തിയെ നാം തിരിച്ചറിയണം.

മദ്ബഹായും ദൈവജനവും

നമ്മുടെ ജീവിതം എപ്പോഴും ദൈവാലയവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ആരാധനാവസ്ത്രം ഓർമിപ്പിക്കുന്നു. പുരോഹിതൻ കൂടുതൽ സമയം മദ്ബഹായോട് ചേർന്ന് നിൽക്കണം (മദ്ബഹായുമായുള്ള ഗാഢബന്ധം). ദൈവത്തെ സ്തുതിക്കുന്നതിനും ആരാധിക്കുന്നതിനും ജനത്തെ അനുഗ്രഹിക്കുന്നതിനും ആയി നാം പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ദൈവജനത്തെ ചേർത്തുനിർത്തി അവരെ ദൈവസന്നിധിയിൽ സമർപ്പിച്ച് ദൈവമുമ്പാകെ നാം നിൽക്കുന്നു. ഓരോ ആത്മാവും വിലപ്പെട്ടതാണ്. നഷ്ടപ്പെട്ടുപോയതിനെ കണ്ടെത്തുകയും നിലവിലുള്ളതിനെ നഷ്ടപ്പെടാതെ സൂക്ഷിക്കുകയും വേണം. ദൈവജനത്തിന്റെ വിലയും മൂല്യവും നാം തിരിച്ചറിയണം. വേർതിരിച്ചു കാണുകയോ പക്ഷം ചേരുകയോ അരുത്. വൈദികർ ക്രിസ്തുവിന്റെ വികാരിമാരല്ല, ക്രിസ്തുവിന്റെ സജീവമായ സാന്നിധ്യമാണ്. ദൈവജനത്തെ ക്രിസ്തുവിൽ ഉറപ്പിക്കണം. വിശ്വാസത്തിൽ ആഴപ്പെടുവാൻ പ്രബോധിപ്പിക്കണം. അവരിലുള്ള നന്മകളെ

കണ്ടെത്തി പ്രചോദിപ്പിക്കണം. പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും സൗഖ്യം നൽകുകയും രക്ഷിക്കുകയും ചെയ്യണം.

സ്വാധീനശക്തിയും വിവേചനത്തിന്റെ ആവശ്യകതയും

ആത്മാക്കളുടെ രക്ഷ സുപ്രധാനമാണ്. വൈദികർ സഭയുടെ പ്രതിനിധികളാണ്. അവരുടെ സ്വാധീനശക്തി വലുതാണ്. അതിനെ ലഘുവായി കാണരുത്. വാക്കുകളിലും പ്രവൃത്തികളിലും കൃത്യത പുലർത്തി സഭയുടെ നിലപാട് എന്തെന്ന് ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കണം. സാമൂഹിക മാധ്യമങ്ങളിൽ നമ്മുടെ സ്വാധീനം ഉണ്ടാകാമെങ്കിലും അത് വളരെ കൃത്യതയോടെകൂടി ആകണം. അപകടകരമായ അവസ്ഥയിലേക്ക് വീണുപോകാതെ സൂക്ഷിക്കണം. പ്രലോഭനങ്ങൾ ധാരാളമുണ്ട്. പരീക്ഷണങ്ങളെയും പ്രലോഭനങ്ങ ളെയും ക്രിസ്തുവിനെപ്പോലെ അതിജീവിക്കണം. വിവേചനത്തിന്റെ ആത്മാവ് അനിവാര്യമാണ്. ആദ്യസ്നേഹവും ആദ്യവിശ്വാസവും അവസാനത്തോളം മുറുകെപ്പിടിക്കുക. മറ്റുള്ളവരെ പ്രബോധിപ്പിക്കുന്നതിനൊപ്പം നമ്മളും പ്രബോധനം സ്വീകരിക്കുകയും ആവശ്യമായ തിരുത്തലുകൾ ജീവിതത്തിൽ വരുത്തുകയും വേണം.

ഹോശയായുടെ ആഹ്വാനവും തരിശുനിലവും

ശുശ്രൂഷകൾക്ക് കരുത്തുപകരാൻ ധ്യാനപൂർവം ദൈവസന്നിധിയിൽ ചെലവിടുന്നതും അനുതാപപൂർണമായ കുമ്പസാരവും സഹായിക്കും. ഹോശയാ പ്രവാചകൻ ഇത് നമ്മോട് ആവശ്യപ്പെട്ടിട്ടുണ്ട് (ഹോശയാ 10:12). വിഗ്രഹാരാധനയും അനീതിയും ജീവിതത്തിന്റെ ഭാഗമാക്കി യഹൂദന്മാർ മുന്നോട്ടുപോകുമ്പോഴാണ് തിരുത്തലിന്റെ ശബ്ദം പ്രവാചകനിൽനിന്ന് ഉണ്ടാകുന്നത്. നാം നീതിയും സ്നേഹവും വിതയ്ക്കണം. പാപവഴികൾ തിരിച്ചറിഞ്ഞ് നീതിപൂർവം ജീവിക്കാൻ പ്രവാചകൻ ആഹ്വാനം ചെയ്യുന്നു. ഒരു കാർഷിക പശ്ചാത്തലത്തിലുള്ള വാക്കുകളാണ് പ്രവാചകന്റേത്. ഇവിടെ കലപ്പയുടെ സ്പർശമേൽക്കാത്തതും മുറിവേൽക്കാത്തതുമായ തരിശു നിലത്തെ കാണാം. സൂര്യന്റെ ചൂടിനോടും മഴയുടെ നനവിനോടും ക്രിയാത്മകമായി പ്രതികരിക്കാത്ത ഇടമാണ് തരിശുനിലം. അവിടെ വിതയും ഫലവും കായും ഒന്നുമില്ല. ഉഴുതുകഴിയുമ്പോൾ സ്വീകരിക്കാൻ തുറവി ഉണ്ടാകും. അവിടെ ജീവനുണ്ടാകും. ദൈവീകവും മാനുഷികവുമായ ഇടപെടലുകൾക്ക് സാധ്യതയുണ്ടാകും.

കുമ്പസാരത്തിലൂടെ സൗഖ്യത്തെ തേടുന്ന വൈദികൻ

ബലഹീനതകൾക്ക് പകരം നീതി വിതയ്ക്കാൻ നമുക്ക് ഇടയാകണം. നമ്മുടെ പ്രവൃത്തികൾക്ക് അതിന്റേതായ പ്രതിഫലമുണ്ട്. അവനവൻ ചെയ്യുന്നത് നല്ലതായാലും ചീത്തയായാലും പ്രതിഫലം ലഭിക്കും. നാം കുമ്പസാരിക്കുന്ന വൈദികരാകണം. നമുക്ക് കുമ്പസാര പിതാക്കന്മാർ

ആവശ്യമാണ്. ദൈവത്തെ ഭയവും മനുഷ്യരെ ശങ്കയും ഉള്ളവരായി നാം മാറണം. അപ്പോൾ മാത്രമേ പരിശുദ്ധാത്മദാനവരങ്ങൾ നേടി വിശുദ്ധ ജീവിതത്തിൽ ക്രിയാത്മകമായി മുന്നോട്ടുപോകുവാൻ നമുക്ക് കഴിയുകയുള്ളൂ. ദൈവവചനം നമ്മുടെ ഹൃദയത്തെ കുത്തി മുറിവേൽപ്പിച്ച് കുമ്പസാരത്തിലേക്ക് നയിക്കും. കുമ്പസാരം സൗഖ്യം പകരും.

ലൗകികാസക്തിയുടെ പരിത്യാഗം

ലൗകിക വസ്തുക്കളോടുള്ള ആസക്തി നമ്മിൽ ഉണ്ടെങ്കിൽ അത് ഉപേക്ഷിച്ച് ലളിത ജീവിതം സ്വീകരിക്കാൻ ഒരുങ്ങണം. 'ലൗകിക വസ്തുക്കളോട് ആന്തരികമായി അകൽച്ച ഉണ്ടായാൽ വിശുദ്ധി നമുക്ക് കൈവരും' എന്ന് അലക്സാന്ത്രിയായിലെ ക്ലീമന്റും ഓറിജനും പറയുന്നുണ്ട്. ലൗകിക വസ്തുക്കളോടുള്ള അനാസക്തി രക്തസാക്ഷിത്വത്തിന് തുല്യമാണ് എന്ന് ആത്മീയ പ്രബോധനങ്ങളിൽ മാബൂഗിലെ മാർ പീലക്സീനോസ് പറയുന്നു. ലോകത്തെ വിശുദ്ധീകരിക്കുവാൻ സജീവരായി പങ്കാളികളാകേണ്ടവരാണ് നാം എന്ന് മറക്കരുത്.

നഷ്ടപ്പെട്ടതിനെ കണ്ടെത്താം

ലൂക്കോസ് പതിനഞ്ചാം അധ്യായത്തിൽ മൂന്ന് ഉപമകൾ കാണുന്നു. നഷ്ടപ്പെട്ടുപോയത് മടങ്ങിവരുമ്പോൾ അല്ലെങ്കിൽ കണ്ടെത്തുമ്പോൾ ഉണ്ടാകുന്ന വലിയ സന്തോഷമാണ് ഈ ഉപമകളുടെ പ്രധാന ആശയം. നമ്മിൽനിന്ന് നഷ്ടമായത് എന്തെന്ന് നാം കണ്ടെത്തണം. ഹൃദയത്തിൽ ഒരു പ്രകാശം കൊളുത്തിവെക്കണം. ജീവിതത്തെ വിലയിരുത്തുകയും നന്മകളെ തിരിച്ചറിയുകയും ചെയ്യുവാൻ ഇത് സഹായിക്കും. സൂക്ഷ്മതയോടെ ഇത് അന്വേഷിച്ച് കണ്ടെത്തണം. യേശുക്രിസ്തു യെറുശലേം ദേവാലയം ശുദ്ധീകരിക്കുന്നുണ്ട് (മത്തായി 21:12–17). ഇവിടെ യേശു മൂന്നു കാര്യങ്ങൾ ചെയ്യുന്നുണ്ട്:

1. അവൻ മേശകളെ മറിച്ചിട്ടതുവഴി പുനഃക്രമീകരണം അനിവാര്യമാണ് എന്ന് ഓർമിപ്പിച്ചു.
2. വികലമായതിനെ പുറത്താക്കി ശുദ്ധീകരിച്ചു. കുമ്പസാരത്തിന്റെ അനുഭവമാണിത്.
3. ഒന്നും കൊണ്ടുപോകുവാനും വരുവാനും അനുവദിക്കാതിരുന്നു. അങ്ങനെ തിന്മ കടക്കാതിരിക്കാൻ ഉറപ്പാക്കി. സ്ഥിരമായ വിശുദ്ധ ജീവിതം കുമ്പസാരത്തിലൂടെ സാധ്യമാകും.

ദൈവോന്മുഖരായി ജീവിക്കുന്നവർക്ക് പറുദീസയിലെ ജീവവൃക്ഷത്തിന്റെ ഫലം കഴിക്കുവാൻ അവസരം ലഭിക്കും (വെളിപ്പാട് 2:7). അത് ലഭിക്കാൻ ഓരോ വൈദികനും ഒരുങ്ങണം. ദൈവകൃപയിൽ ആശ്രയിച്ച് പരിശ്രമിക്കണം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

The 1700th Anniversary of the Council of Nicaea: The Symbol of Faith and Its Impact on the West Syriac Liturgy of the Malankara Orthodox Syrian Church

Fr. Dr. Jacob Mathew
Orlando, Florida

Introduction

The year 2025 marks the 1700th anniversary of the First Ecumenical Council of Nicaea (325 AD), the first of the many monumental events in Christian history that defined the Church's faith and safeguarded its unity. Convened by the first Christian Roman Emperor, Constantine the Great, the council addressed the explosive theological crisis Arianism posed to deny the full divinity of the Word of God, the second person of the Holy Trinity, and His incarnation, Jesus Christ. The council issued what became known as the Nicene Creed, or more appropriately, the Symbol of Nicaea (Symbolum Nicaenum)—a landmark doctrinal formulation that affirmed the consubstantiality (*homoousios*) of the Son with the Father and established the theological foundation for Christian Orthodoxy. For Eastern Churches, including Syriac-speaking communities, the Nicene Symbol was later expanded at the Council of Constantinople (381 CE) and integrated into liturgical life. While the Syriac churches were initially peripheral to Nicaea's debates, they quickly adopted the Creed as authoritative, especially after the Christological controversies of the fifth century (Griffith, 2008).

This article examines the impact of the Nicene Symbol on the West Syriac liturgy as practiced in the Malankara Orthodox Syrian Church. Drawing upon patristic sources, liturgical texts, and recent scholarship, I argue that the Creed functions in the Malankara Orthodox Syrian Church not only as a doctrinal safeguard but

also as a liturgical and spiritual instrument that shapes communal identity, Eucharistic theology, and mystical devotion. Metropolitan Paulose Mar Gregorios (2018) wrote: "The Church is the great consequence of the Son of God becoming flesh. It is this community that not only bears witness to Christ but also is Christ's abode dwelling in the Church, which is His body. In the Church, the life-giving power of the Spirit is at work." The Nicene Creed holds this Church as one, holy, catholic, and apostolic.

